<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858**</u> <u>**10-08-2023 - ൽ മറുപടിയ്ക്ക്**</u>

<u>**അംബേദ്കർ ഗ്രാമവികസന പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കോളനികളുടെ വിശദവിവരങ്ങൾ ലഭ്യാമാക്കാമോ; | (എ) | 2019-20 വർഷം വീട്ടൂർ കോളനി, 2020-21 വർഷം മൂലേക്കുഴി പട്ടികജാതി കോളനി, 2021-22 വർഷം പുത്തേത്ത് മുകൾ കോളനി, പുലിയാംപ്പിള്ളിമുകൾ കോളനി എന്നീ കോളനികളെ കുന്നത്തുനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയിലും നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | കോളനിയുടെ പേര് | പ്രവർത്തികൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 2019-20 | വീട്ടൂർ പട്ടികജാതി കോളനി | കോമ്പൗണ്ട് വോൾ നിർമ്മാണം, ഓഫീസ് റൂം, ടോയ്‌ലറ്റ് സൗകര്യത്തോടൊപ്പമുള്ള ഓപ്പൺ സ്റ്റേജ് നിർമ്മാണം, റീട്ടെയിനിംഗ് വോളോട്ടുകൂടിയ നടപ്പാത നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ വർക്സ്, ബാഡ്മിന്റൺ കോർട്ട് നിർമ്മാണം (അനുബന്ധ ഉപകരണങ്ങളും കസേരകളുമുൾപ്പെടെ) | പ്രവർത്തികൾ എല്ലാം പൂർത്തീകരിക്കുകയും 29/07/2023 ന് ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| 2020-21 | മൂലേക്കുഴി പട്ടികജാതി കോളനി | ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. | ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. (കോളനിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ട ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ പെരിയാർവാലിയുടെ ഭാഗമായ കനാലായതിനാൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി ഏജൻസി കത്ത് നൽകിയിട്ടുള്ളതാണ്) |
| 2021-22 | പുത്തേത്ത് മുകൾ കോളനി | സംരക്ഷണഭിത്തി നിർമ്മാണം, പൊതുകിണറിന്റെ നവീകരണം, നടപ്പാതയും ഡ്രെയിനേജോടും കൂടിയ റോഡ് നിർമ്മാണ പ്രവർത്തികൾ, റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് വിതരണം, വീട് പുനരുദ്ധാരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ. | സംരക്ഷണഭിത്തി നിർമ്മാണം, പൊതുകിണറിന്റെ നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പാതയും ഡ്രെയിനേജോടും കൂടിയ റോഡ് നിർമ്മാണ പ്രവർത്തികൾ, റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് വിതരണം, വീട് പുനരുദ്ധാരണം എന്നീ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| | പുലിയാംപ്പിള്ളിമുകൾ കോളനി | വീട് പുനരുദ്ധാരണം, പൊതുകിണർ നിർമ്മാണം, കോളനി റോഡ് നവീകരണം, ലൈബ്രറി പുസ്തകങ്ങളും സ്പോർട്സ് ഉപകരണങ്ങളും വിതരണം | ടെൻഡർ നടപടികളെല്ലാം പൂർത്തീകരിച്ചു. പ്രവർത്തികൾ ഉടനെ ആരംഭിക്കുന്നതാണ്. |